# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1399 20.01.2014 ലെ മറുപടിയ്ക്ക്

## കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

| **ചോദ്യം**<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | **ഉത്തരം**<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര ടെണ്ടറുകളിൽ പങ്കെടുത്തു; അവ ഓരോന്നും എത്ര രൂപയുടെ ടെണ്ടറുകൾ ആയിരുന്നു അവയുടെ പേര് വിവരം വെളിപ്പെടുത്താമോ; | (എ)234 ടെണ്ടറുകളിൽ പങ്കെടുത്തു. വിശദാംശങ്ങൾ അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്. |
| (ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വന്തമായി ഏതെങ്കിലും വർക്ക് നടത്തുകയുണ്ടായോ; മറ്റ് കോൺട്രാക്ടർമാർക്ക് മറിച്ച് കൊടുത്തുകൊണ്ട് നിർവ്വഹിക്കപ്പെട്ട വർക്കുകൾ എത്ര; കോൺട്രാക്ടർമാർ ആരൊക്കെയാണ്; | (ബി) ഇല്ല. മറ്റ് കോൺട്രാക്ടർമാരെക്കൊണ്ട് നിർവ്വഹിപ്പിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്. |
| (സി) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നാളിതു വരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി, സ്വന്തമായി ഏതെല്ലാം നിർമ്മാണ സാമഗ്രികൾ കൈവശപ്പെടുത്തിയിട്ടുണ്ട്; സ്വന്തം തൊഴിലാളികൾ എത്രയാണ്; എന്തെല്ലാം നിർമ്മാണ വസ്തുക്കൾ സ്വന്തമായുണ്ട്;<br><br>(ഡി) സർക്കാർ ടെണ്ടറുകളിൽ കൺസ്ട്രക്ഷൻ കോർപ്പറേഷന് കിട്ടുന്ന പരിഗണനകൾ എന്തൊക്കെയാണ്; | (സി) & (ഡി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വന്തമായി നിർമ്മാണ സാമഗ്രികൾ ഇപ്പോൾ ഇല്ല. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ എം പാനൽ കരാറുകാരുടെ കൈവശമുള്ള യന്ത്ര സാമഗ്രികൾ ആണ് ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. കൺസ്ട്രക്ഷൻ കോർപ്പറേഷന് 162 ജീവനക്കാരുണ്ട്. നിർമ്മാണ തൊഴിലാളികളെ കരാറുകാരാണ് ഏർപ്പാട് ചെയ്യുന്നത്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എ ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമേ മറ്റ് കരാറുകാരിൽനിന്നും |

10% അധിക നിരക്കിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്. 27.02.75 ലെ ജി.ഒ. (എം.എസ്) നം.39/75 പി.ഡബ്ല്യൂ.ഡി അനുസരിച്ചാണ് പൊതു മേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളതും, 28.09.88 ലെ ജി.ഒ. (എം.എസ്)നം.52/88/പി.ഡബ്ല്യൂ&റ്റി,12.02.92 ലെ ജി.ഒ.(എം.എസ്)നം.16/92/പി.ഡബ്ല്യൂ &റ്റി, 07.08.97 ലെ ജി.ഒ.(എം.എസ്) നം. 81/97/പി.ഡബ്ല്യൂ&റ്റി, 18.08.98 ലെ ജി.ഒ.(പി) നം.75/98/പി.ഡബ്ല്യൂ.ഡി, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ആണ് ഈ പരിഗണനകൾ നൽകുന്നത്.

(ഇ) ഈ സർക്കാരിന്റെ കാലത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷന് വർക്കുകൾ നൽകുക വഴി പൊതുമരാമത്ത് വകുപ്പിന് എന്ത് തുകയുടെ അധിക ചെലവുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ?

(ഇ) അധികചെലവുണ്ടായിട്ടില്ല. മറിച്ച് കോർപ്പറേഷന്റെ ലാഭം വർദ്ധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**